# CHAPTER-5

സ്വപ്നത്തിൽ പോലും കാണുവാൻ കഴിയാത്ത കാര്യങ്ങൾ നൽകിയിട്ടും ശലോമോന്റെ ഹിതത്തിനു വഴങ്ങാതെ  കെട്ടിയടച്ച തോട്ടമായി നില്ക്കുന്ന ശൂലേമി (സഭയാം മണവാട്ടി) സ്മർന്നയിലെ വിശ്വാസികളെയാണ് ഇവിടെ ഓർക്കേണ്ടത് (വെളി:2:10) തോട്ടത്തിലെ സുഗന്ധം ആസ്വദിച്ച് അവിടെ എത്തിയ  പ്രീയൻ തന്റെ സ്നേഹിതരെയും അവിടേക്ക് വിളിക്കുന്നു.

മണവാളനായ ക്രിസ്തുവിന്റെ സ്നേഹിതർ ശലോമോന്റെ സ്നേഹിതരെപ്പോലെയല്ല. പിതാവിന്റെ ഇഷ്ടം ചെയ്യുന്നവർക്കെല്ലാം ഈ പദവി ദൈവം നൽകിയിട്ടുണ്ട്. വചനം ഉള്ളിൽ എത്തുമ്പോൾ ആത്മാവിൽ മത്തരാകുന്ന സഭയാണ് ക്രിസ്തുവിന്റെ തോട്ടം. ഹാവൂ ! ആ തോട്ടം എത്ര അനുഗ്രഹിക്കപ്പെട്ടത്. മടങ്ങിവരും എന്ന് പറഞ്ഞു പോയ മണവാളൻ വരുമ്പോൾ സ്വീകരിക്കേണ്ടവർ വിളക്കിലും പാത്രത്തിലും എണ്ണകരുതി ഉണർവ്വോടെ ഇരിക്കണം. 2-ാം വാക്യത്തിന്റെ ആരംഭത്തിൽ ശൂലേമി ഒരു മയക്കത്തിലാണ്. എന്നാൽ അവളുടെ ഉള്ളം ഉണർന്നാണിരിക്കുന്നത്. എന്ന് കാണാം. ശൂലേമിയ്ക്കും ചിലപ്പോൾ മയക്കമോ, ആലസ്യമോ, ക്ഷീണമോ ഉണ്ടാകാം. ആരാധിക്കുന്ന സഭയിലും ഈ രോഗം കടന്നു വരുവാൻ സാധ്യതയുണ്ട്. ലോക സുഖ സൗകര്യങ്ങൾ, മോടി, പ്രതാപം ഇവ കടന്നുവന്നാൽ സഭയിൽ ഈ രോഗം പടർന്നു പിടിയക്കും

ഈ സമയത്ത് വാതിൽക്കൽ മുട്ടുന്ന പ്രീയൻ തന്റെ അവസ്ഥ അറിയിക്കുന്നു. (5:2,3) കള്ളമോ, കാപട്യമോ ഇല്ലാതെയാണ് പ്രീയൻ വിളിച്ചത്. തന്റെ സ്വന്തവാസസ്ഥലം (പിതാവിനോടൊപ്പം പാർത്ത സ്വർഗ്ഗം) വിട്ട് ഭുമിയിൽ വന്ന് ആടുകൾക്കുവേണ്ടി ജീവനെ കൊടുത്തപ്പോൾ ദുഷ്ടന്മാർ എന്റെ വസ്ത്രം ഊരി പകുത്തെടുത്തു. ഇനി അത് ഞാൻ ധരിക്കയില്ല എന്റെ മരണത്തിനു മുന്നോടിയായി കണ്ണുനീർകൊണ്ട് കാൽ കഴുകി മുടി കൊണ്ട് തുടച്ച് തൈലം പൂശിയകാൽ ഇനി മലിനമാക്കുവാൻ കഴിയുകയില്ല, എന്ന് പറയുന്ന പ്രീയന്റെ ശബ്ദം കേട്ട് നോക്കുമ്പോൾ പ്രീയന്റെ കരം വാതിൽ പഴുതിലൂടെ കണ്ടു. ആ കരം ആണിപ്പാടുള്ളതായിരുന്നു. രോഗികളെ സൗഖ്യമാക്കുന്ന കരം മരിച്ചവരെ ഉയർപ്പിച്ചകരം ഹൃദയകവാടത്തിൽ കാണുവാൻ വിശ്വാസികളെന്ന് അഭിമാനിക്കുന്ന നമുക്ക് കാണുവാൻ കഴിഞ്ഞാൽ പാപികളായ നമ്മുടെ ഹൃദയത്തിന് മാറ്റം വരും. പ്രീയന്റെ വിളികേൾക്കാതെ നമ്മെ തടഞ്ഞ അവസ്ഥകൾ മാറ്റും, ശൂലേമി എഴുന്നേറ്റു വാതിൽ തുറന്നപ്പോഴേക്കും പ്രീയൻ പോയിരുന്നു. മണവാട്ടി സഭ വേർപാട് സൂക്ഷിക്കാതെ ഇരുന്നാൽ പ്രീയൻ പോകും. അപ്പന്റെ വിഗ്രഹത്തെയും കൊണ്ട് ദൈവം പറഞ്ഞതനുസരിച്ച് മടങ്ങിപ്പോയ യാക്കോബിന്റെ ഒപ്പം കുടിയ റാഹേലിനെ മറക്കരുതേ. ലാബാന്മാരുടെ ഒന്നും, വേർപാടുകാരന് ചേർന്നതല്ല. ശൂലേമി തന്റെ ഇപ്പോഴത്തെ അവസ്ഥയോർത്ത് ദുഃഖിക്കുന്നു. ക്രിസ്തു വാതിൽക്കൽ നിന്നുമുട്ടിയാൽ നാം വാതിൽ തുറന്നാലേ അവന് അകത്തുകയറുവാൻ കഴിയുകയുള്ളു. കാലതാമസം വരുത്തിയാൽ കടന്നുപോകും എന്ന് മറക്കരുത്.

പരാജയം സംഭവിക്കാം ആർക്കും ജീവിതത്തിൽ. അത് മനസ്സിലാക്കി തെറ്റ് തിരുത്തേണ്ടത് വിശ്വാസിയുടെ ചുമതലയാണ്. പ്രീയനെ വീണ്ടും അന്വേഷിക്കുന്ന പ്രീയയെ (5:6-8) വരെ യുള്ള ഭാഗത്ത് കാണുന്നു. കുട്ടായ്മാബന്ധം നഷ്ടമായവൾക്ക് പ്രാർത്ഥനയുടെ മറുപടിയും ലഭിച്ചില്ല. നഗരത്തിൽ പഴയത് പോലെ അന്വേഷിച്ചു എന്നാൽ ബലവാന്മാരായ കാവൽക്കാർ നിരാലംബയും, ആയുധരഹിതയും, ബലഹീനയുമായ ശൂലേമിയെ അടിച്ചു, മുറിവേൽപ്പിച്ചു, കുടാതെ മൂടുപടം അപഹരിക്കുകയും ചെയ്തു. എന്നിട്ടും അവൾ അന്വേഷണം തുടർന്നപ്പോൾ അതിശയം തോന്നിയ യെറുശലേം പുത്രിമാർ അതിന്റെ കാരണം അവളോട് തിരക്കുന്നു.

ഉത്തമ:(5:10-16)യുള്ള ഭാഗത്ത് ശലോമോൻ രാജാവിന്റെ മുൻപിൽ തന്നെ പ്രീയന്റെ സൗന്ദര്യത്തെ അവൾ വർണ്ണിക്കുന്നതായി കാണാം. ശൂലേമി വിവരിക്കുന്ന പ്രീയനും യോഹന്നാൻ ദർശിച്ച ദൈവ പുത്രനും തമ്മിലുള്ള താരതമ്യ പഠനം.

| ***ശൂലേമിയുടെ പ്രീയൻ***<br>***ഉത്ത:5:10-16*** | ***യോഹന്നാൻ കണ്ട***<br>***(വെളി .1:13-16) ദൈവപുത്രൻ*** |
|---|---|
| 1, നിറം -വെൺമയും ചുവപ്പും | (1) മുഖം സൂര്യന് തുല്യം |
| 2, ശിരസ്സ് - അതിവിശേഷമായതങ്കം | (2) ശിരസ്സ് -ഹിമത്തോളം വെള്ള |
| 3, കുറുനിരകൾ-കറുത്ത് ചുരുണ്ടത് | (3) മുടി - വെളുത്ത് പഞ്ഞിപോലെ |
| 4, കണ്ണ് - പ്രാവിന്റേതുപോലെ | (4) കണ്ണ് - അഗ്നിജ്വാലക്കൊത്തത്. |
| 5, കവിൾ - സുഗന്ധ സസ്യതടം | (5) വസ്ത്രം - രക്തം തളിച്ച ഉടുപ്പ്. |
| 6, അധരം - താമരപ്പൂപോലെ | (6) ശബ്ദം - പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെ |
| 7,കൈകൾ - ഗോമേദകം പതിച്ചിരിക്കുന്ന (പ്രവർത്തികൾ) സ്വർണ്ണനാളങ്ങൾ | (7) വലംകൈ - ഏഴുനക്ഷത്രങ്ങൾ |
| 8, ഉദരം (ശരീര വടിവ്) - നീലരത്നംപതിച്ചദന്തനിർമ്മിതം. | (8) കാൽ - ഉലയിൽ ചുട്ടുപഴുപ്പിച്ച വെള്ളോടിന് സദൃശ്യം |
| 9, അവന്റെ തുട (ശക്തി-തങ്ക ചുവട്ടിൽ നിർത്തിയ വെൺകൽത്തുൺ | (9) രുപം - മനുഷ്യ പുത്രനോട് സദൃശ്യം<br>അറുക്കപ്പെട്ടകുഞ്ഞാട് (വെളി:5:6) |
| 10. അവന്റെ രുപം .(സൗന്ദര്യം) - ലെബാനോനിലെ ദേവദാരു പോലെ ഉത്കൃഷ്ടമായത്, | (10) വായ - മൂർച്ചയേറിയ വാൾ പുറപ്പെടുന്നു |
| 11, അവന്റെ വായ് (സംസാരം) - ഏറ്റവും മധുരമുള്ളത് | (11) കുഞ്ഞാട് - സിഹാസനസ്ഥൻ (വെളി:22:11) വിളക്ക് (21:23) |

ie, അവൻ സർവ്വാംഗ സുന്ദരൻ - പ്രാണപ്രീയനായക്രിസ്തു. തുടർന്ന് യെറുശലേം പുത്രിമാർ പറയുന്ന ശലോമോൻ രാജാവെന്ന പ്രീയനെയും ശൂലേമിയുടെ പ്രാണപ്രീയനെയും നമുക്ക് താരതമ്യം ചെയ്യാം

| ശലോമോൻ എന്ന പ്രീയൻ | ശൂലേമി പറയുന്ന പ്രാണപ്രീയൻ |
|---|---|
| 1, ദൃശ്യൻ - ക്ഷണികൻ | (1) അദൃശ്യൻ - നിത്യനായവൻ |
| 2, മനുഷ്യൻ മരണത്തിനധീനൻ | (2) അമർത്യൻ - ദൈവസമൻ. |
| 3, രാജാവാക്കപ്പെട്ടവൻ | (3) രാജാവായി പിറന്നവൻ |
| 4, യിസ്രായേലിലെ രാജാവ് | (4) രാജാക്കന്മാരുടെ രാജാവ് |
| 5, മൺമയൻ | (5) സ്വർഗ്ഗത്തിൽ നിന്നുള്ളവൻ |
| 6, വംശാവലി ഉള്ളവൻ | (6) വംശാവലി ഇല്ലാത്തവൻ |
| 7, ആയിരങ്ങളിൽ സുന്ദരൻ | (7) പതിനായിരങ്ങളിൽ അതിസുന്ദരൻ. |
| 8, വിശ്വാസത്തിൽ നിന്നും വീണവൻ | (8) വിശ്വാസത്തിന്റെ നായകനും, പൂർത്തിവരുത്തുന്നവനും. |
| 9, വീണ്ടുംവരുമെന്ന് പറയാത്തവൻ | (9) വീണ്ടും വരുമെന്ന് പറഞ്ഞവൻ. |

യെറുശലേം പുത്രിമാരോട് തന്റെ പ്രീയനെ വർണ്ണിക്കുന്നവൾ ഉറപ്പിച്ച് പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക. ഇവനത്രേ എന്റെ സ്നേഹിതൻ അതേ ഇവനാണ് എന്റെ പ്രാണപ്രീയൻ .ഇന്നത്തെ സഭയ്ക്ക് സഭയുടെ നാഥനെപ്പറ്റി ഇപ്രകാരം പറയുവാൻ കഴിയുമോ? കഴിയണം അതിനായിവേഗം തെറ്റ് തിരുത്തുക.

. *ശാന്തമ്മ വർഗ്ഗീസ്*

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg